പന്ത്രണ്ടാം സ്കന്ദം ആരംഭം

**അസംസ്കൃതാ: ക്രിയാഹീനാ രജസാ തമസാ*ff*വൃതാ:**
**പ്രജാസ്തേ ഭക്ഷയിഷ്യന്തി മ്ലേഛാ രാജന്യരൂപിണ: (12-1-42)**
**തന്നാഥാസ്തേ ജനപദാസ്തച്ഛീലാചാരവാദിന:**
**അന്യോന്യതോ രാജഭിശ്ച ക്ഷയം യാസ്യന്തി പീഡിതാ: (12-1-43)**

*പരീക്ഷിത്ത് ചോദിച്ചു:*
ഭഗവാൻ ശ്രീകൃഷ്ണന്റെ തിരോധാനത്തിനുശേഷം ആരാണ് ഭൂമിയെ ഭരിച്ചത്?

*ശുകമുനി തുടർന്നു:*
പ്രദ്യോതനൻമാർ എന്നറിയപ്പെടുന്ന അഞ്ചു രാജാക്കൻമാരുള്ള ഒരു രാജവംശം നൂറ്റിമുപ്പത്തിയെഴുവർഷം ഭരണം നടത്തും. അടുത്തതായി ശിശുനാഗവംശം മുന്നൂറ്റിഅറുപതുവർഷം ഭരിക്കുന്നതാണ്. ശിശുനാഗൻമാരിൽ അവസാനത്തെ കണ്ണിയായി മഹാനന്ദിയുടെ മകൻ മഹാപദ്മൻ ശൂദ്രസ്ത്രീയിൽ ജനിക്കും. മഹാപദ്മനും അദ്ദേഹത്തിന്റെ പുത്രൻമാരും ഒരുനൂറുകൊല്ലം ഭരണത്തിലുണ്ടാവും. ഇതാണ് നന്ദവംശം. രാജാവേ, താങ്കളുടെ ജനനംമുതൽ നന്ദവംശത്തിന്റെ കിരീടധാരണംവരെ ആയിരത്തിഒരുനൂറ്റിപതിനഞ്ചു കൊല്ലമെടുക്കും. നന്ദവംശത്തിന്റെ അവസാനം ചാണക്യൻ മുഖാന്തിരമായിരിക്കും. അദ്ദേഹം ചന്ദ്രഗുപ്ത മൌര്യനെ രാജാവാക്കി വാഴിക്കും. മൗര്യൻമാർ നൂറ്റിമുപ്പത്തിയേഴുകൊല്ലം ഭരണത്തിലുണ്ടാവും. പുഷ്യാമിത്രശുങ്കൻ എന്ന സൈന്യാധിപൻ ബ്രഹദ്രതമൗര്യനെ വധിച്ച് ശുങ്കവംശം സ്ഥാപിക്കും. അതിലെ പത്തു രാജാക്കൻമാർ, നൂറു കൊല്ലത്തോളം ഭൂമിയെ ഭരിക്കും. ദുർമ്മാർഗ്ഗിയായ ദേവഭൂതിയെ അദ്ദേഹത്തിന്റെ മന്ത്രിയായ വാസുദേവൻ വധിക്കുകയും കണ്വവംശം സ്ഥാപിക്കുകയും ചെയ്യും. അവർ മുന്നൂറ്റിനാൽപ്പത്തിയഞ്ചു കൊല്ലം ഭരണം നടത്തും. കണ്വവംശത്തിലെ അവസാനത്തെ രാജാവായ സുഷർമനെ ഭൃത്യനായ ബലി വധിക്കും. ബലിയും പിൻതലമുറക്കാരുമായ മുപ്പതോളം പേർ നാനൂറ്റിയൻപത്തിയാറു കൊല്ലം ഭരണമേൽക്കും.

പിന്നീട് ഏഴ് ആഭീരരാജാക്കൻമാർ, പത്ത് ഗർദഭീകർ, പതിനാറ് കനകൻമാർ, എട്ട് യവനൻമാർ, പതിനാല് തുരുഷ്കകാൻമാർ, പത്ത് ഗുരുന്തൻമാർ, പതിനൊന്ന് മൗനാൻമാർ, തുടങ്ങിയവരാണ് ആയിരത്തിമുന്നൂറ്റി തൊണ്ണൂറ്റിഒൻപത്കൊല്ലം ഭരണം നടത്തുക. ഇവർക്കു ശേഷം നൂറ്റിയാറുകൊല്ലം ഭൂതാനന്ദനും പിൻതലമുറക്കാരും, അതിനുശേഷം ബാഹ്ലികൻ, പുഷ്പമിത്രൻ, ദുർമിത്രൻ, എന്നിവരും ഭൂമിയെ ഭരിക്കും. ദുർമതിയായ പുരാഞ്ജയൻ(രണ്ടാമൻ) തന്റെ പ്രജകളെയെല്ലാം മ്ലേഛമാർഗ്ഗത്തിലേക്ക് മതം മാറ്റും. ക്ഷത്രിയരെ ഒന്നടങ്കം നശിപ്പിച്ച് പദ്മാവതി നഗരത്തിൽ നിന്നും ഭരണം നടത്തും. ഗംഗ മുതൽ പ്രയാഗവരെയുള്ള സ്ഥലമാണ് പദ്മാവതി. ശൂദ്രൻമാരും അധ:പതിച്ച ബ്രാഹ്മണരും അധാർമ്മികളായ മറ്റുള്ളവരുമായിരിക്കും സിന്ധുനദീതടവും, ചന്ദ്രഭാഗവും കാശ്മീരിന്റെ ഭാഗങ്ങളും ഭരിക്കുക. രാജാക്കൻമാർ സ്ത്രീകളെയും, പശുക്കളെയും, കുട്ടികളെയും ബ്രാഹ്മണരേയും കൊന്ന് രാക്ഷസീയമായി ജീവിതചര്യ കൈകൊള്ളും. ധർമ്മത്തിൽ നിന്നകന്ന് രാജസീകവും താമസീകവും മാത്രമായ കർമ്മങ്ങളോടെ, സ്വന്തം ആൾക്കാരെപ്പോലും അവർ അടിമകളാക്കി ദ്രോഹിക്കും. പ്രജകളും അവരുടെ രാജാവിന്റെ മാർഗ്ഗം പിന്തുടർന്ന് പരസ്പരം ചൂഷണം ചെയ്ത് പരസ്പരം മൽസരിച്ച് സർവ്വനാശത്തിലേക്ക് സ്വയം നയിക്കും. ആരൊരുവൻ സ്വശരീരത്തിനായി മറ്റുള്ളവരെ ചൂഷണം ചെയ്യുന്നുവോ അവൻ സ്വന്തം നൻമയെപ്പറ്റി അറിവില്ലാത്തവനത്രെ. ഭൂമിയെ ഭരിക്കാൻ യോഗ്യതയുണ്ടായിരുന്ന മഹാരാജാക്കൻമാർ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. അവരുടെ പേരുകൾ മാത്രം കഥകളിൽ ഇന്നും പ്രതിപാദിക്കപ്പെടുന്നു, അത്രമാത്രം.